"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം -ശ്രീ. എസ്.വി. ശ്യാംകുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - II, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പെരുങ്കടവിള -ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.01.2026 തീയതിയിലെ ഒ.എ. 31/2026 നമ്പർ ഉത്തരവ് അനുപാലനം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1630/2026/H&FWD തീയതി, തിരുവനന്തപുരം, 11-05-2026

---

പരാമർശം:-

1. ശ്രീ. എസ്.വി. ശ്യാംകുമാർ സമർപ്പിച്ച 02.12.2025 തീയതിയിലെ അപേക്ഷ.
2. ഒ.എ. 31/2026 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.01.2026 തീയതിയിലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.04.2026 തീയതിയിലെ ഡിഎച്ച്എസ്/15474/2025-ഇഎഫ്3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീ. എസ്.വി. ശ്യാംകുമാർ, തനിക്ക് 45% ലോക്കോമോട്ടർ ഡിസബിലിറ്റി (Locomotor disability) ഉള്ളതിനാൽ ഭിന്നശേഷി അവകാശ നിയമം (RPWD Act), 2016 പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും ഭിന്നശേഷി അവകാശ നിയമത്തിന്റെ വിവിധ വകുപ്പുകളുടെ ആനുകൂല്യം നല്കി, ഓഫീസ് അറ്റൻഡന്റായി തസ്തികമാറ്റം അനുവദിക്കണമെന്നും തുടർച്ചയായ വൈദ്യചികിത്സയ്ക്കും ശാരീരികമായ വീണ്ടെടുപ്പിനും സൗകര്യമൊരുക്കുന്നതിനായി, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രാത്രി ഡ്യൂട്ടികളിൽ നിന്ന് പൂർണ്ണ ഇളവ് നൽണമെന്നും കാണിച്ച് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യമുന്നയിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-31/2026 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിൽ, അപേക്ഷകൻ സമർപ്പിച്ച പരാമർശം (1) അപേക്ഷ പരിഗണിച്ച്, ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം ഉചിതമായ തീരുമാനം എടുക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് ബഹു.കോടതി നിർദ്ദേശം നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തിക കാറ്റഗറി 4 (n)-ലും ഓഫീസ് അറ്റൻഡന്റ് തസ്തിക കാറ്റഗറി 2 (k)-യിലും ഉൾപ്പെടുന്നു. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം-5 പ്രകാരം കാറ്റഗറി 4-ൽപ്പെടുന്ന തസ്തികകൾക്കും കാറ്റഗറി 2-ൽപ്പെടുന്ന തസ്തികകൾക്കും വ്യത്യസ്തമായ നിയമന രീതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം-2 പ്രകാരം അനുവദനീയമല്ല. അതേസമയം ശ്രീ. എസ്.വി. ശ്യാംകുമാറിന് തസ്തികമാറ്റം നൽകുന്നതിന് അനുയോജ്യമായതും പി.എസ്.സി മുഖേന നിയമനം നടത്താത്തതും ലാസ്റ്റ് ഗ്രേഡ് സർവീസിന് സമാനമായതുമായ മറ്റ് തസ്തികകൾ ഒന്നും വകുപ്പിൽ ഇല്ല എന്ന് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീ. എസ്.വി. ശ്യാംകുമാറിന് ഭിന്നശേഷി അവകാശ നിയമത്തിന്റെ (RPWD Act), 2016 വിവിധ വകുപ്പുകളുടെ ആനുകൂല്യം നല്കി, ഓഫീസ് അറ്റൻഡന്റ് തസ്തികയിലോ സമാനമായ മറ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (1) അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, തിരുവനന്തപുരം,

695 035 (ആമുഖ കത്ത് സഹിതം).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. എസ്.വി. ശ്യാംകുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, സാമൂഹികാരോഗ്യ കേന്ദ്രം, പെരുങ്കടവിള (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പെരുങ്കടവിള.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (F2/24/2026-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ